പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ)

(എ) സംസ്ഥാന ഗവണ്മെന്റു് ആരേയും നിയമിച്ചിട്ടില്ല. എന്നാൽ താഴെ പറയുന്നവരെ കേന്ദ്രം നേരിട്ടു് നിയമിച്ചിട്ടുണ്ടു്. സതേൺ റീജിയണിൽ ശ്രീമതി ലീലാ മോഹൻദാസിനേയും, നാർത്തേൺ റീജിയണിൽ ശ്രീമതി കോന്നിയൂർ മീനാക്ഷി അമ്മയേയും, കൂടാതെ ജില്ലകളിൽ തിരുവനന്തപുരത്തു് ഡാക്ടർ കൃഷ്ണൻതമ്പി, കൊല്ലത്തു് ശ്രീമതി തങ്കമ്മാ സ്റ്റീഫൻ, ആലപ്പുഴയിൽ ശ്രീമതി നഫീസത്തുബീവി, കോട്ടയത്തു് ശ്രീമതി ലക്ഷ്മി കൃഷ്ണമൂർത്തി, എറണാകുളത്തു് ഡാക്ടർ ഓ. കെ. മാധവിയമ്മ, തൃശ്ശൂർ ശ്രീമതി ശാരദാബാലകൃഷ്ണൻ, പാലക്കാടു് ശ്രീമതി അമ്മാളുകുട്ടിയമ്മ, കോഴിക്കോടു് ശ്രീമതി ശാന്താബാലകൃഷ്ണൻ, കണ്ണൂർ കുമാരി സീതാഗോപാലൻ എന്നിവരേയും നിയമിച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

കുടുംബാസൂത്രണ പ്രസ്ഥാനത്തിൽ സേവനം നടത്തുന്ന സാമൂഹ്യപ്രവർത്തകർ.

* 645. [13] ശ്രീ. കെ. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കുടുംബാസൂത്രണ പ്രസ്ഥാനത്തിൽ ഓണറേറി സേവനം നടത്തിക്കൊണ്ടിരിക്കുന്ന സാമൂഹ്യപ്രവർത്തകരെ ജോലിയിൽ നിന്നും പിരിച്ചുവിടാൻ ഗവണ്മെൻറാലോചിക്കുന്നുണ്ടോ ;

(ബി) അങ്ങനെ പിരിച്ചുവിടുന്നവരുടെ എണ്ണം എത്ര

(സി) അവരെ പിരിച്ചുവിടാനുള്ള കാരണം എന്തു് ;

(ഡി) അവർ ചെയ്തിരുന്ന ജോലി ആരെക്കൊണ്ടു് ചെയ്യിക്കുവാനാണു് ഉദ്ദേശിക്കുന്നതു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) തൃപ്തികരമായി സേവനം നടത്തിക്കൊണ്ടിരിക്കുന്നവരെ പിരിച്ചുവിടണമെന്നുദ്ദേശിക്കുന്നില്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

ഫാമിലി പ്ലാനിംഗ് സെൻറുകൾ.

* 646. [16] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* (എ) സ്റ്റേറിലാകെ എത്ര ഫാമിലി പ്ലാനിംഗ് സെൻറുകൾ ഇന്നു പ്രവർത്തിക്കുന്നുണ്ടു് ;

(ബി) ഇവയിലെല്ലാംകൂടി ഇന്നു് എത്ര സാമൂഹ്യ പ്രവർത്തകർ പണിയെടുക്കുന്നുണ്ടു് ;

(സി) ഇവരെ റിക്രൂട്ടുചെയ്യുന്നതു് പബ്ലിക് സർവ്വീസു് കമ്മിഷനാണോ ;

(ഡി) ഇവർക്കു് മിനിമം നിശ്ചയിച്ചിരുന്ന പരീക്ഷായോഗ്യത (qualifications) എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly